**ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം നമ്പർ ഡി 2640**

ഹെഡ് ഓഫീസ്, ബസ് സ്റ്റാന്റ് ബിൽഡിംഗ്, ഫറോക്ക് പി ഓ, കോഴിക്കോട് ജില്ല

## അറിയിപ്പ്

ബാങ്കിന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് 2023 മെയ് ഒന്നാം തീയതി നടത്താൻ നിശ്ചയിച്ചിരിക്കുന്ന സാഹചര്യത്തിൽ ബാങ്ക് ഭരണസമിതി താഴെ കൊടുക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ട വിവരം ഇതിനാൽ അറിയിക്കുന്നു.

1. ബാങ്കിന്റെ അംഗങ്ങൾക്ക് ഒടുവിൽ ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തത് വളരെ വർഷങ്ങൾക്ക് മുൻപായിരുന്നതിനാൽ ഐഡന്റിറ്റി കാർഡുകളും ബാങ്കിലെ ഇത് സംബന്ധിച്ച രജിസ്റ്ററുകളും ഉപയോഗ ശൂന്യമായ സാഹചര്യത്തിൽ 15.02.2023 വരെ ബാങ്ക് വിതരണം ചെയ്ത എല്ലാ ഐഡന്റിറ്റി കാർഡുകളും റദ്ദാക്കാൻ തീരുമാനിച്ചു.

2. പഴയ മാതൃകയിലുള്ള ഐഡന്റിറ്റി കാർഡുകൾക്ക് പകരം അംഗങ്ങൾക്ക് പുതിയ മാതൃകയിൽ ഉള്ള ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചു. ഇതിനായി നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷാ ഫോറത്തിൽ ബാങ്ക് ഹെഡ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആറു മാസത്തിനുള്ളിൽ എടുത്ത ഒരുപോലുള്ള രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും ഫോട്ടോ പതിച്ച അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കേണ്ടതാണ്.

3. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ പുതിയ ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്യുന്നതിനായി താഴെ കൊടുക്കുന്ന സമയക്രമം നിശ്ചയിച്ചിരിക്കുന്നു:

*a) ഐഡന്റിറ്റി കാർഡുകൾക്കുള്ള അപേക്ഷാ ഫോറങ്ങൾ 2023 മാർച്ച് 27 മുതൽ 2023 ഏപ്രിൽ 17 ഉച്ചയ്ക്ക് 12 മണി വരെ ബാങ്ക് ഹെഡ് ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നതാണ്.*

*b) പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം 2023 ഏപ്രിൽ 17 വൈകിട്ട് 5 മണി വരെ ബാങ്ക് ഹെഡ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.*

*c) നിശ്ചിത സമയത്തിനുള്ളിൽ ബാങ്കിൽ അപേക്ഷ സമർപ്പിച്ച അംഗങ്ങൾക്ക് 2023 ഏപ്രിൽ 24 മുതൽ 2023 ഏപ്രിൽ 28 വൈകിട്ട് 5 മണി വരെ ബാങ്ക് ഹെഡ് ഓഫീസിൽ നിന്നും ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്യുന്നതാണ്. ഐഡന്റിറ്റി കാർഡുകൾ അംഗങ്ങൾ നേരിട്ട് വന്ന് കൈപ്പറ്റേണ്ടതാണ്.*

4. മുകളിൽ കാണിച്ചിരിക്കുന്ന സമയക്രമം, നിബന്ധനകൾ എന്നിവയിൽ സാഹചര്യത്തിനനുസരിച്ച് ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് ഭരണസമിതിയ്ക്ക് ഏത് അവസരത്തിലും അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. തെരഞ്ഞെടുപ്പിന് ശേഷം സാധാരണ രീതിയിൽ ഐഡന്റിറ്റി കാർഡുകൾ വിതരണം നടത്തുന്നതാണ്.

നിർദ്ദേശാനുസരണം,

(ഒപ്പ്)

ജനറൽ മാനേജർ